# കേരള നിയമസഭ
# 06.01.2014–ലെ മറുപടിക്ക്

<u>ജനനി ജൻമരക്ഷ പദ്ധതി</u>

319 ശ്രീ. കെ. അച്ചുതൻ
'' ഐ.സി. ബാലകൃഷ്ണൻ
'' വി.പി. സജീന്ദ്രൻ
'' ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനനി ജൻമരക്ഷ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരത്തിന് എന്തെല്ലാം ധനസഹായങ്ങൾ നൽകാനാണ് പദ്ധതി യിലൂടെ ലക്ഷ്യമിടുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം വകുപ്പുകളാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗ കുടുംബങ്ങള്‍ക്ക് പോഷകാഹാര പദ്ധതി</u>

320 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
,, വി. പി. സജീന്ദ്രന്‍
,, ഐ. സി. ബാലകൃഷ്ണന്‍
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികഗോത്ര വര്‍ഗ്ഗങ്ങളിലെ അമ്മമാര്‍ക്കും കുഞ്ഞുങ്ങള്‍ക്കും പോഷകാഹാരം നല്‍കുന്നതിന് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തൊക്കെയാണ്;

(സി) എന്തെല്ലാം ആനുകൂല്യങ്ങളും സേവനങ്ങളുമാണ് പദ്ധതിയിലൂടെ ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി രൂപീകരണത്തിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

കൈത്താങ്ങ് പദ്ധതി

321 ശ്രീ. ഐ. സി. ബാലകൃഷ്ണന്‍
,, വി. പി. സജീന്ദ്രന്‍
,, റ്റി. എന്‍. പ്രതാപന്‍
,, ഡൊമിനിക് പ്രസന്റേഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗ വികസന വകുപ്പ് 'കൈത്താങ്ങ്' എന്ന പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) അനാഥരായ ആദിവാസികുട്ടികളെ സംരക്ഷിക്കുവാന്‍ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം സഹായങ്ങളാണ് പദ്ധതിയനുസരിച്ച് നല്‍കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം?

**കേരള നിയമസഭ**
**06.01.2014-ലെ മറുപടിക്ക്**

<u>ആദിവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി</u>

322 ശ്രീ. പി. റ്റി. എ. റഹീം
,, റ്റി. വി. രാജേഷ്
,, പുരുഷൻ കടലുണ്ടി
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസികളെക്കുറിച്ച് 'വാചകമടി' മാത്രമാണ് ഇപ്പോൾ നടക്കുന്നതെന്ന മനുഷ്യാവകാശ കമ്മീഷന്റെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആദിവാസികൾക്കുവേണ്ടി ചെലവഴിക്കുന്ന കോടികൾ പാഴാവുകയാണെന്ന നിരീക്ഷണം പരിശോധിക്കുകയുണ്ടായോ;

(സി) അട്ടപ്പാടിയിൽ ആദിവാസികൾ നേരിടുന്ന പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ മനുഷ്യാവകാശ കമ്മീഷൻ നടത്തിയ നിരീക്ഷണങ്ങളുടെ കൂടി അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ വെളിപ്പെട്ട വസ്തുതകൾ വിശദമാക്കാമോ;

(ഡി) ആദിവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇതിനകം പ്രഖ്യാപിച്ച പരിപാടികൾ എന്തൊക്കെയാണ്; അവ നടപ്പാക്കുകയുണ്ടായോ; അവ പര്യാപ്തമാണോ;

(ഇ) ആദിവാസി വിഭാഗങ്ങളിൽ ഇപ്പോഴും ഭൂരഹിതർ എത്ര; വീടില്ലാത്തവർ എത്ര; കക്കൂസില്ലാത്ത കുടുംബങ്ങൾ എത്ര; തൊഴിൽരഹിതർ എത്ര; തുടങ്ങിയ വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ആദിവാസിക്ഷേമ പദ്ധതികൾ</u>

323 ശ്രീമതി. ഗീതാ ഗോപി.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ വിദ്യാഭ്യാസം, ആരോഗ്യം,സാമൂഹ്യ സുരക്ഷ, ഭക്ഷ്യസുരക്ഷ തുടങ്ങിയ മേഖലകളിൽ നിലവിലുളള പദ്ധതികൾ എന്തൊക്കെയാണ്, വിശദമാക്കുമോ;

(ബി) പദ്ധതികൾ നടപ്പാക്കുന്നതിലെ വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പോഷകാഹാരക്കുറവ്മൂലം ആദിവാസിക്കുഞ്ഞുങ്ങൾ മരിക്കാനിടയായിട്ടുണ്ടോ; എത്രപേർ മരിച്ചിട്ടുണ്ടെന്നും എവിടെയെല്ലാമാണെന്നും വിശദമാക്കുമോ?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ഗോത്ര സാരഥി പദ്ധതി</u>

324 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗോത്ര സാരഥി പദ്ധതിക്കായി സംസ്ഥാനത്ത് ആകെ എന്ത് തുകയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ എത്ര സ്കൂളുകളിലാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്;

(സി) യോഗ്യതയുണ്ടായിട്ടും അപേക്ഷ വൈകി എന്നതിന്റെ പേരിൽ ഏതെങ്കിലും സ്കൂളുകൾ ഈ പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഒഴിവാക്കപ്പെട്ട സ്കൂളുകളെ പരിഗണിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

അട്ടപ്പാടിയിലെ ശിശുമരണങ്ങളും ആദിവാസി മരണങ്ങളും

325 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അട്ടപ്പാടിയിൽ എത്ര ശിശുമരണങ്ങളാണ് നടന്നതെന്ന് ഊരു തിരിച്ച് വ്യക്തമാക്കുമോ; 2013ൽ മാത്രം നടന്ന ശിശുമരണങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) മരണങ്ങളുടെ കാരണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) അട്ടപ്പാടിയിൽ ഈ സർക്കാർ വന്നതിന് ശേഷം എത്ര ആദിവാസികൾ (ശിശുക്കൾ ഒഴികെ) മരണമടഞ്ഞു എന്ന് ഊരുതിരിച്ച് വ്യക്തമാക്കുമോ; 2013ൽ മാത്രം നടന്ന മരണങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) കുഞ്ഞുങ്ങൾ ഒഴികെയുള്ള ആദിവാസികളുടെ മരണങ്ങളുടെ കാരണങ്ങൾ എന്തെല്ലാമാണെന്നാണ് സർക്കാർ കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഇ) കുഞ്ഞുങ്ങൾ നഷ്ടമായ ആദിവാസി അമ്മമാർക്ക് സാമ്പത്തിക സഹായം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; എത്ര പേർക്ക് ധനസഹായം നൽകിയെന്ന് ഊര് തിരിച്ച് വിശദമാക്കുമോ;

(എഫ്) അട്ടപ്പാടിയിൽ വിവിധ കാരണങ്ങളാൽ മരണമടഞ്ഞ ആദിവാസികളുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; എത്ര പേർക്കാണ് ധനസഹായം നൽകിയതെന്ന് ഊര് തിരിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>ആദിവാസി ശിശുമരണ റിപ്പോര്‍ട്ട്</u>

326 ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ദേശീയ മനുഷ്യാവകാശ കമ്മീഷന്‍ ആദിവാസി മേഖലയിലെ ശിശുമരണത്തെക്കുറിച്ച് 05.07.2013ന് മുന്‍പായി റിപ്പോര്‍ട്ട് സമര്‍പ്പിക്കാന്‍ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) കമ്മീഷന്‍ നിശ്ചയിച്ച സമയപരിധിക്കുള്ളില്‍ റിപ്പോര്‍ട്ട് നല്കുകയുണ്ടായോ ; പ്രസ്തുത റിപ്പോര്‍ട്ടിന്റെ ഒരു പകര്‍പ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ ഊരുകളിൽ വിതരണം ചെയ്ത ഭക്ഷ്യ ധാന്യങ്ങൾ</u>

327 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭക്ഷ്യവസ്തുക്കൾ നൽകിയിട്ടും ആദിവാസികൾ കഴിക്കാത്തതാണ് അട്ടപ്പാടിയിലെ പ്രശ്നം എന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കാമോ;

(ബി) അട്ടപ്പാടിയിലെ ഊരുകൾ എത്രയാണെന്നും, എല്ലാ ഊരുകളിലും കൂടി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2013 ജൂൺ അവസാനം വരെ വിതരണം ചെയ്യപ്പെട്ട ഭക്ഷ്യധാന്യങ്ങൾ എത്രയാണെന്നും വിശദമാക്കാമോ;

(സി) ആദിവാസി ഊരുകളിൽ താമസിക്കുന്ന ആദിവാസികളുടെ എണ്ണവും, വിതരണം ചെയ്യപ്പെട്ട ഭക്ഷ്യവസ്തുക്കളുടെ അളവും ആളൊന്നിന് പ്രതിദിനം എത്ര ഗ്രാം വീതമായിരുന്നു എന്നു വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

അട്ടപ്പാടി മേഖലയ്ക്കു വാഗ്ദാനം ചെയ്തിട്ടുള്ള സഹായങ്ങൾ

328 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം അട്ടപ്പാടി മേഖലയിൽ സന്ദർശനം നടത്തിയ കേന്ദ്രമന്ത്രിമാർ ആരൊക്കെയായിരുന്നു; എന്തെല്ലാം സഹായങ്ങൾ വാഗ്ദാനം ചെയ്യുകയും പ്രഖ്യാപിക്കുകയും ചെയ്തു എന്ന് അറിവുണ്ടോ; വിശദമാക്കാമോ;

(ബി) പ്രഖ്യാപിക്കപ്പെട്ട സഹായങ്ങൾ നേടിയെടുക്കുന്നതിന് സർക്കാർ നടത്തിയ ശ്രമങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഇതുവരെ ലഭിച്ച സഹായങ്ങൾ എന്തെല്ലാമാണ്; അതുവഴി സ്വീകരിക്കപ്പെട്ട പുതിയ നടപടികൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

<u>അട്ടപ്പാടിയ്ക്കുള്ള പ്രത്യേക പാക്കേജുകൾ</u>

329 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ കൂട്ടശിശുമരണങ്ങളെ തുടർന്ന് സംസ്ഥാന സർക്കാർ പ്രത്യേക പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പാക്കേജുകളാണ് പ്രഖ്യാപിച്ചത്; ഓരോന്നിന്റെയും വിശദാംശങ്ങളും, തുകയും വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഓരോ പാക്കേജും അട്ടപ്പാടിയിൽ നടപ്പിലാക്കി തുടങ്ങിയോ; എങ്കിൽ ആയതിന്റെ നിലവിലെ വിശദാംശങ്ങൾ നൽകുമോ;

(ഡി) അട്ടപ്പാടിയിലെ ശിശുമരണങ്ങളെ തുടർന്ന് കേന്ദ്ര സർക്കാർ പ്രത്യേക പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പാക്കേജുകളാണ് പ്രഖ്യാപിച്ചത്; ഓരോന്നിന്റെയും വിശദാംശങ്ങളും തുകയും വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഇ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഓരോ പാക്കേജും അട്ടപ്പാടിയിൽ നടപ്പാക്കി തുടങ്ങിയോ; എങ്കിൽ ആയതിന്റെ നിലവിലെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) കേന്ദ്ര സംസ്ഥാന പാക്കേജുകൾ അട്ടപ്പാടിയിൽ നടപ്പാക്കുന്നതിന് മേൽനോട്ടം വഹിക്കാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ കുടുംബങ്ങളുടെ സാമൂഹിക നിലവാരം ഉയർത്താൻ നടപടി</u>

330 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പട്ടികവർഗ്ഗകുടുംബങ്ങൾ ഉണ്ട്;

(ബി) പട്ടികവർഗ്ഗത്തിൽപെട്ടവരുടെ കുടുംബത്തിലെ അംഗങ്ങളുടെ സാമൂഹിക നിലവാരം ഉയർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

(സി) പട്ടികവർഗ്ഗങ്ങളുടെ സാമൂഹ്യഉന്നമനത്തിനായി 2011-12, 2012-13, 2013-14 വർഷത്തിൽ കേന്ദ്രത്തിൽ നിന്ന് എന്തു തുക ധനസഹായമായി ലഭ്യമാക്കി; വിശദാംശം നൽകാമോ;

(ഡി) പട്ടികവർഗ്ഗ സെറ്റിൽമെന്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡിൽ നിന്നും ധനസഹായം ലഭ്യമാക്കി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി; വിശദാംശം നൽകാമോ?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിന് നടപടി

331 ശ്രീ.ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പട്ടികവർഗ്ഗ കോളനിയിലെ കുട്ടികൾക്ക് മതിയായ പോഷഹാകാരം ലഭിക്കുന്നില്ല എന്ന യൂനിസെഫിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങളെപ്പറ്റി വിശദമായ പഠനം നടത്തിയിട്ടുണ്ടോ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) ആവശ്യാനുസരണം ജീവനക്കാരെ നിയമിച്ചും അടിസ്ഥാന സൗകര്യം വികസിപ്പിച്ചും ഇത്തരം പ്രതിസന്ധി തരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**06.01.2014-ലെ മറുപടിക്ക്**

<u>പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്ക് യാത്രാസൗകര്യം</u>

332 ശ്രീ. ഐ. സി. ബാലകൃഷ്ണന്‍
,, വി. പി. സജീന്ദ്രന്‍
,, വി. ഡി. സതീശന്‍
,, വര്‍ക്കല കഹാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികഗോത്രവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്ക് യാത്രാ സൗകര്യം ലഭ്യമാക്കുന്നതിന് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തൊക്കെയാണ് ;

(സി) പദ്ധതി രൂപീകരണത്തിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

പട്ടികവർഗ്ഗവിദ്യാർത്ഥികൾക്കു യാത്രാസൗകര്യം

333 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉൾവനങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗവിദ്യാർത്ഥികൾക്കു യാത്രാസൗകര്യം ഒരുക്കുന്നതിനായി ഈ സർക്കാർ എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നറിയിക്കുമോ;

(ബി) പ്രസ്തുത തുക ഏതെല്ലാം വിധത്തിലാണു ചെലവഴിക്കപ്പെട്ടത് എന്ന വിവരം ജില്ലതിരിച്ചു ലഭ്യമാക്കുമോ;

(സി) തുക പൂർണ്ണമായും ചെലവഴിച്ചില്ലെങ്കിൽ ആയതു സംബന്ധിച്ച വിവരം ജില്ലാടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗ വിഭാഗങ്ങളുടെ ഭൂമിക്ക് സംരക്ഷണം</u>

334 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗ വിഭാഗങ്ങളുടെ ഭൂമി മറ്റുളളവര്‍ കൈവശപ്പെടുത്തിയിട്ടുളള വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികവര്‍ഗ്ഗ വിഭാഗങ്ങളുടെ ഭൂമി കൈവശപ്പെടുത്തിയിട്ടുളളവര്‍ക്ക് നിയമപരിരക്ഷ നല്‍കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പട്ടികവര്‍ഗ്ഗ വിഭാഗങ്ങളുടെ ഭൂമി കൈവശപ്പടുത്തിയിട്ടുളളവരില്‍ നിന്നും തിരിച്ചെടുത്ത് യഥാര്‍ത്ഥ അവകാശികള്‍ക്ക് നല്‍കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

പരിസ്ഥിതിലോല പ്രദേശങ്ങളിലുൾപ്പെട്ട ഗിരിവർഗ്ഗ ഊരുകൾ

335 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കസ്തൂരിരംഗൻ റിപ്പോർട്ടിലെ ശുപാർശകളുടെ പശ്ചാത്തലത്തിൽ പരിസ്ഥിതിലോലപ്രദേശമായി കണക്കാക്കപ്പെടുന്ന പ്രദേശങ്ങളിൽ എത്ര ആദിവാസി ഗ്രാമങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ, കോഴിക്കോട് ജില്ലയിലെ പരിസ്ഥിതിലോല പ്രദേശങ്ങളിലുൾപ്പെട്ട ഗിരിവർഗ്ഗ ഊരുകൾ ഏതെല്ലാമാണ്;

(സി) ഇതിൽ എത്ര കുടുംബങ്ങളുണ്ട്; അവരുടെ ജനസംഖ്യ എത്രയാണ്?

**കേരള നിയമസഭ**
**06.01.2014–ലെ മറുപടിക്ക്**

മൂവട്ടി ആദിവാസി കോളനിയുടെ ശോച്യാവസ്ഥ

336 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പൊഴുതന ഗ്രാമ പഞ്ചായത്തിൽപ്പെട്ട മൂവട്ടി ആദിവാസി കോളനിയുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കോളനിയിൽ ആരംഭിച്ച ഭവന നിർമ്മാണം പൂർത്തിയാക്കാത്തതിന് കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോളനിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

യുവജനനയം

337 ശ്രീ. പി. സി. വിഷ്ണുനാഥ്
,, അന്‍വര്‍ സാദത്ത്
,, ഹൈബി ഈഡന്‍
,, ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) യുവജനനയത്തില്‍ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങള്‍ യാഥാര്‍ത്ഥ്യമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കേന്ദ്രസഹായമാണ് ലഭിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ആരെയെല്ലാമാണ് പദ്ധതിയുമായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

യൂത്ത് റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി

338 ശ്രീ. ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ ബ്ലോക്കുകളിലും യൂത്ത് റിസോഴ്സ് സെന്ററുകൾ ആരംഭിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം കേന്ദ്രസഹായമാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെയെല്ലാമാണ് പദ്ധതിയുമായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

ജോബ് ഫെയറിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

339 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമബോർഡിന്റെ നേതൃത്വത്തിൽ ജോബ് ഫെയർ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിച്ചതെന്നു വിശദമാക്കുമോ;

(ഡി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ജോബ് ഫെയർ വഴി നേടിയിട്ടുള്ളത്; വിശദാംശങ്ങൾ ന്ൽകുമോ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

<u>മ്യൂസിയങ്ങളുടെ നവീകരണം</u>

340 ശ്രീ. സണ്ണി ജോസഫ്
,, പാലോട് രവി
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മ്യൂസിയങ്ങൾ സൗന്ദര്യവൽക്കരിക്കുന്നതിനും നവീകരിക്കുന്നതിനും എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഇവിടങ്ങളിൽ ഒരുക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ഡിസംബർ 28.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ് [ചട്ടം 47(1)].